# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2598** — **09/03/2017** -ലെ മറുപടി

## മൈലം-തലവൂർ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മൈലം-തലവൂർ കുടിവെള്ള പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം നടത്തുന്നതിനായാണ് രൂപകല്പന ചെയ്തിരുന്നതെന്ന് വിശദമാക്കുമോ; | (എ) മൈലം, തലവൂർ പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം നടത്തുന്നതിനായാണ് രൂപകല്പന ചെയ്തിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; (സി) ഈ പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; പദ്ധതി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കാമോ? | (ബി) & (സി) മൈലം-തലവൂർ കുടിവെള്ള പദ്ധതിയുടെയും പട്ടാഴി, പട്ടാഴി-വടക്കേക്കര കുടിവെള്ള പദ്ധതിയുടെയും പൊതുഘടകങ്ങളായ ഇൻടേക്ക് വെൽ, റാ വാട്ടർ പമ്പിംഗ് മെയിൻ, 10.50 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ്സെറ്റ്, പമ്പ് ഹൗസ്, പൂക്കുന്നിമലയിലുള്ള 16.90 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതലജലസംഭരണി എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. തലവൂർ പഞ്ചായത്തിൽ ശുദ്ധജലവിതരണം ആരംഭിച്ചിട്ടുണ്ട്.<br>ഈ പദ്ധതിയിൽ ഇനി അവശേഷിക്കുന്നത് പട്ടാഴി പൂക്കുന്നിമലയിലുള്ള ഉപരിതല ജലസംഭരണിയിൽ നിന്നും മൈലം പഞ്ചായത്തിലെ ആക്കാവിളയിലുള്ള ജലസംഭരണിയിലേക്കുള്ള 7.98 കി.മീറ്റർ ദൈർഘ്യമുള്ള പ്രധാന ജലവിതരണ കുഴലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും മൈലം പഞ്ചായത്തിനു വേണ്ടിയുള്ള 74 കി.മീറ്റർ വിതരണശൃംഖലയുമാണ്. |

ഈ പദ്ധതിക്കായി നൽകിയിരുന്ന ഭരണാനുമതിയിൽ 74 കി.മീ. വിതരണശൃംഖലയാണ് ഉൾപ്പെട്ടിരുന്നതെങ്കിലും പുതുക്കിയ റേറ്റ് റിവിഷൻ കാരണം 13 കി.മി. വിതരണ ശൃംഖലക്കുള്ള തുക മാത്രമാണ് ഇതിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞത്. ശേഷിക്കുന്ന 61 കി.മീ. വിതരണശൃംഖല സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള 10.2 കോടി രൂപയുടെ വിശദമായ പ്രോജക്റ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

JSK/